പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3672 23.08.2017-ൽ മറുപടിക്ക്

അയൽ സംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതിനുള്ള സാധ്യത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>,, ബി.സത്യൻ<br>,, സി.കെ. ഹരീന്ദ്രൻ<br>,, കാരാട്ട് റസാഖ് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതോടു കൂടി അന്തർ സംസ്ഥാന വ്യാപാര മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ജി. എസ്. ടി. നടപ്പിലാകുന്നതോടുകൂടി സംസ്ഥാനാന്തരവ്യാപാരത്തിൻമേലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കംചെയ്യപ്പെടുന്നു. രാജ്യം ഒരു ഏകീകൃത കമ്പോളമാകുന്നു. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി, വാങ്ങിയ വ്യാപാരികൾക്ക് അവർ തുടർ വില്പന നടത്തുമ്പോൾ ഇൻപുട്ട് ക്രെഡിറ്റ് എടുക്കാവുന്നതാണ്. നികുതിക്കുമേൽ നികുതിയെന്നുള്ളത് പൂർണ്ണമായും ഇല്ലാതാകുന്നു. ആയതിനാൽ എല്ലാ സപ്ലൈയിലും നൽകുന്ന നികുതി ഇൻവോയിസിൽ നിന്നും വ്യക്തമായി മനസ്സിലാക്കാം. നികുതികൾ അന്തർ സംസ്ഥാന കൈമാറ്റ സമയത്തുതന്നെ സർക്കാരിനു ലഭ്യമാകും. മുൻപുണ്ടായിരുന്നതുപോലെ തുടർ വില്പനവരെ കാത്തിരിക്കേണ്ട കാര്യമില്ല. |
| (ബി) | അന്തർ സംസ്ഥാന വ്യാപാരം സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുന്നതോടെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം മന്ദീഭവിക്കാൻ ഇടയുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | അന്തർ സംസ്ഥാന വ്യാപരത്തിലെ അതിർത്തികൾ മാഞ്ഞതോടെ ചെക്ക്പോസ്റ്റുകൾക്ക് പഴയ പ്രസക്തി നിയമപരമായി ഇല്ല. ജി.എസ്.ടി നിയമപ്രകാരം ചെക്ക്പോസ്റ്റുകൾ facilitation centre മാത്രമാക്കി പരിമിതപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സാഹചര്യം ദുരുപയോഗം ചെയ്ത് അയൽ സംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ടോ; | (സി) | പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി എന്നതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. |
| (ഡി | എങ്കിൽ ഇതു തടയുന്നതിനായി അതിർത്തി പ്രദേശങ്ങളിലെ എല്ലാ പ്രധാന റോഡുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പ്രധാന പാതകളിലും ഊടുവഴികളിലും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ